പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 544

04-02-2020 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.വി. കെ. സി. മമ്മത് കോയ

മറുപടി

ശ്രീ.ഇ.പി.ജയരാജൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് പ്രഥമ പരിഗണന നൽകിവരുന്നു. ഇതിൻെറ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതന രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൻെറ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചു. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളും അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുവാൻ സാധിച്ചു. ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും ആവിഷ്ക്കരിച്ചുവരുന്നു. സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട വി.എസ്.എസ്.സി/ഐ.എസ്.ആർ.ഒ എന്നിവ യ്ക്കും പ്രതിരോധമേഖലയ്ക്കും ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണവും, അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ജിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം അവലോകനം ചെയ്യുന്നതോടൊപ്പം പൊതുമേഖലാസ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്.<br>പൊതുമേഖലാസ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലനപരിപാടികളും നടത്തി വരുന്നു. |
| ബി) | പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലങ്ങളിലെ താരതമ്യ കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ വെളിപ്പെടുത്തുമോ? | ബി) | മുൻ സർക്കാരിന്റെ കാലയളവിൽ (2015-16 കാലയളവിൽ) ഈ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2799.72 കോടി രൂപയും, മൊത്തം നഷ്ടം 121.18 കോടി രൂപയുമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2018-19-ലെ കണക്കുകൾ പ്രകാരം) സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 3442.74 കോടി രൂപയും, മൊത്തം ലാഭം 8.26 കോടി രൂപയായി ഉയർത്തുവാനും സാധിച്ചു. |

സെക്ഷൻ ഓഫീസർ